2024
FEBRUARY
12
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# ഖത്തറിൽ വധശിക്ഷയ്ക്ക് വിധിച്ച മലയാളിയടക്കം എട്ട് ഇന്ത്യൻ നാവികരെ വിട്ടയച്ചു

**ദോഹ:** ഖത്തറിൽ തടവിലായിരുന്ന മലയാളിയടക്കം എട്ടു മുൻ ഇന്ത്യൻ നാവികരെ വിട്ടയച്ചു. നാവികസേനയിൽ സെയ്‌ലറായിരുന്ന മലയാളി രാഗേഷ് ഗോപകുമാർ, റിട്ട. കമാൻഡർമാരായ പൂർണേന്ദു തിവാരി, അമൃത് നാഗ്പാൽ, സുഗുണാകർ പകാല, സഞ്ജീവ് ഗുപ്ത, റിട്ട. ക്യാപ്റ്റൻമാരായ നവ്തേജ് സിങ് ഗിൽ, ബീരേന്ദ്ര കുമാർ വർമ, സൗരഭ് വസിഷ്ഠ് എന്നിവരെയാണ് മോചിപ്പിച്ചത്.

ഖത്തർ അമീറിന്റെ തീരുമാനപ്രകാരമാണ് വിട്ടയച്ചത്. ഏഴു പേർ ഇന്ത്യയിൽ തിരിച്ചെത്തി. ഖത്തറിന്റെ തീരുമാനം വിദേശകാര്യമന്ത്രാലയം സ്വാഗതം ചെയ്തു. ഡിസംബറിൽ ഇവരുടെ വധശിക്ഷ ഖത്തർ അപ്പീൽ കോടതി ഇളവു ചെയ്തിരുന്നു. 2022 ഓഗസ്റ്റിൽ 8 പേരും അറസ്റ്റിലായതു മുതൽ ഇന്ത്യ നടത്തിവരുന്ന നയതന്ത്ര ഇടപെടലുകളുടെ വിജയം കൂടിയാണ് ഇപ്പോഴത്തെ വിധി. ദുബായ് കാലാവസ്ഥാ ഉച്ചകോടിക്കിടെ, !ഡിസംബർ ഒന്നിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഖ




ത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയും കൂടിക്കാഴ്ച നടത്തിയിരുന്നു.

ദോഹയിലെ അൽ ദഹ്റ ഗ്ലോബൽ ടെക്നോളജീസ് ആൻഡ് കൺസൽറ്റൻസി സർവീസസ് എന്ന കമ്പനിയിലാണ് ഇവർ ജോലി ചെയ്തിരുന്നത്. കമ്പനി മാനേജിങ് ഡയറക്ടറായിരുന്ന പൂർണേന്ദു തിവാരി പ്രവാസി ഭാരതീയ സമ്മാൻ ജേതാവാണ്.

ഖത്തർ നാവികസേനയ്ക്കായി ഇറ്റാലിയൻ കമ്പനി ഫിൻസാന്റിയറി നിർമിക്കുന്ന അന്തർവാഹിനി സംബന്ധിച്ച വിവരങ്ങൾ ഇസ്രയേലിനു ചോർത്തിക്കൊടുത്തുവെന്നതാണ് 8 പേർക്കും കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറായിരുന്ന ഒമാൻ സ്വദേശി ഖാമിസ് അൽ നജ്മിക്കുമെതിരെ ആരോപിക്കപ്പെട്ട കുറ്റമെന്നു ചില വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. നജ്മിയെ പിന്നീടു ജാമ്യത്തിൽ വിട്ടിരുന്നു.

## ഇലക്ട്രിക് പ്രൊപ്പൽഷൻ ത്രസ്റ്റർ വിജയകരമായി പരീക്ഷിച്ചു

**തിരുവനന്തപുരം:** ബഹിരാകാശ രംഗത്ത് പുതുചരിത്രം കുറിച്ച് ഐഎസ്ആർഒ. ബഹിരാകാശ ദൗത്യങ്ങൾ കൂടുതൽ കാലം നിലനിർത്താനും ചെലവും ഉപഗ്രഹങ്ങളുടെ ഭാരവും കുറയ്ക്കാനും സഹായിക്കുന്ന ഇലക്ട്രിക് പ്രൊപ്പൽഷൻ ത്രസ്റ്റർ വികസിപ്പിച്ചെടുത്തു. തിരുവനന്തപുരത്തെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിൽ (എൽപിഎസ്സി) ആണ് ഹൈ ത്രസ്റ്റ് ഇലക്ട്രിക് പ്രൊപ്പൽഷൻ പ്രോജക്ടിന്റെ നേതൃത്വത്തിലാണ് സാങ്കേതികവിദ്യയും പ്രൊപ്പൽഷൻ സംവിധാനവും വികസിപ്പിച്ചെടുത്തത്. ഭാവിയിൽ സൗരയൂഥത്തിന് പുറത്തുള്ള ദൗത്യങ്ങൾക്കു പോലും ഉപയോഗിക്കാവുന്ന സാങ്കേതിക വിദ്യയുടെ ആദ്യ പരീക്ഷണം ഏതാനും മാസങ്ങൾക്കുള്ളിൽ നടത്തും.

300 മില്ലി ന്യൂട്ടൻ ത്രസ്റ്റ് ശേഷിയുള്ള ഇലക്ട്രിക് പ്രൊപ്പൽഷൻ ത്രസ്റ്റർ വിജയകരമായി പരീക്ഷിച്ചതായി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനം (ഐഎസ്ആർഒ) ചെയർമാൻ എസ്.സോമനാഥ് പറഞ്ഞു. 5 കിലോവാട്ട് വൈദ്യുതിയാണ് ഇതിന് ആവശ്യം. ഇന്ത്യയിൽ ഇത്രയും ഉയർന്ന പവർ ത്രസ്റ്റർ നിർമിച്ചു വിജയിപ്പിക്കുന്നത് ആദ്യമാണെന്നും അദ്ദേഹം അറിയിച്ചു. ഈ വർഷം പകുതിയോടെ പിഎസ്എൽവി റോക്കറ്റിൽ വിക്ഷേപിക്കുന്ന സാങ്കേതികവിദ്യ അവതരണ ഉപഗ്രഹത്തിൽ (ടിഡിഎസ്) ആകും ത്രസ്റ്റർ ആദ്യമായി ഉപയോഗിക്കുകയെന്ന് എൽപിഎസ്സി ഡയറക്ടർ ഡോ.വി.നാരായണൻ പറഞ്ഞു.

## ഇന്ത്യയെ തകർത്തു; കൗമാര ലോകകപ്പ് ഓസ്ട്രേലിയക്ക്

**ബെനോണി:** അണ്ടർ19 ലോകകപ്പ് ഫൈനലിൽ ഇന്ത്യയെ 79 റൺസിന് തകർത്ത് ഓസ്ട്രേലിയ ജേതാക്കളായി. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 253 റൺസെടുത്തു.55 റൺസ് നേടിയ ഹർജാസ് സിംഗ് ഓസീസിനായി മികച്ച പ്രകടനം കാഴ്ചവച്ചു. ഇന്ത്യക്കായി രാജ് ലിംബാനി മൂന്നും നമൻ തിവാരി രണ്ടും വിക്കറ്റ് വീഴ്ത്തി. 254 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗിന് ഇറങ്ങിയ ഇന്ത്യ 43.5 ഓവറിൽ 174 റൺസിന് എല്ലാവരും പുറത്തായി. ഇന്ത്യയുടെ ഏഴു ബാറ്റർമാർക്ക് രണ്ടക്കം കടക്കാനായില്ല



## 2023 ൽ അമേരിക്കൻ പൗരത്വം സ്വീകരിച്ചത് 59,100 ഇന്ത്യക്കാർ

**വാഷിംഗ്ടൺ ഡിസി:** 2023 ൽ 59,100 ഇന്ത്യൻ പൗരന്മാർ അമേരിക്കൻ പൗരത്വം സ്വീകരിച്ചതായി റിപ്പോർട്ട്. അമേരിക്കൻ സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസിൻറെ വാർഷിക റിപ്പോർട്ടിലാണ് കണക്കുകൾ പുറത്തുവന്നത്.

ഇതോടെ മെക്സിക്കോയ്ക്ക് ശേഷം ഏറ്റവുംകൂടുതൽ ആളുകൾ യുഎസ് പൗരത്വം സ്വീകരിക്കുന്ന രാജ്യമായി ഇന്ത്യ മാറി. 2023 ൽ മാത്രം 8.7 ലക്ഷം വിദേശ പൗരന്മാരാണ് അമേരിക്കൻ പൗരത്വം സ്വന്തമാക്കിയതായി റിപ്പോർട്ട്. ഇതിൽ 1.1 ലക്ഷം മെക്സിക്കൻ വംശജരും 59,100 ഇന്ത്യൻ വംശജരുമാണുള്ളത്. 44,800 ഫിലിപ്പീൻസുകാരും 35,200 ഡൊമിനിക്കൻ റിപ്പബ്ലിക്കുകാരും അമേരിക്കൻ പൗരത്വം സ്വീകരിച്ചതായി റിപ്പോർട്ടിൽ പറയുന്നു.

## കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്ക് വൻ റിക്രൂട്ട്മെന്റ്; 1 ലക്ഷം പേർക്ക് പ്രധാനമന്ത്രി നിയമനകത്ത് നൽകും

**ന്യൂഡൽഹി :** വിവിധ കേന്ദ്രസർക്കാർ വകുപ്പുകളിലായി പുതുതായി ജോലിയിൽ പ്രവേശിക്കുന്ന വ്യക്തികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തിങ്കളാഴ്ച വിഡിയോ കോൺഫറൻസിങ് വഴി നിയമനകത്തുകൾ കൈമാറും. ഒരുലക്ഷം പേർക്കാണു വിവിധ വകുപ്പുകളിലായി നിയമനം ലഭിക്കുക. ഇതിനൊപ്പം സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും ഉന്നമനത്തിനുമായി സ്ഥാപിക്കുന്ന കർമയോഗി ഭവൻ കോംപ്ലക്സിന്റെ ഒന്നാംഘട്ടത്തിന്റെ തറക്കല്ലിടലും ഡൽഹിയിൽ മോദി നിർവഹിക്കും.



രാജ്യവ്യാപകമായി 47 കേന്ദ്രങ്ങളിൽ വെർചൽ തൊഴിൽമേളയായ റോസ്ഗാർ മേളയും സംഘടിപ്പിക്കുന്നുണ്ട്. റോസ്ഗാർ മേളയിലൂടെ കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയ്ക്കു കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തും. റവന്യൂ, ആഭ്യന്തരം, ഉന്നത വിദ്യാഭ്യാസം, ആണവോർജം, പ്രതിരോധ മന്ത്രാലയം, സാമ്പത്തിക സേവനം, ആരോഗ്യ കുടുംബക്ഷേമം, റെയിൽവേ തുടങ്ങി വിവിധ വകുപ്പുകളിലേക്കാണു തൊഴിൽമേള വഴി നിയമനങ്ങൾ നടത്തുന്നത്.

പുതുതായി നിയമിതരാകുന്ന വ്യക്തികൾക്ക് കർമയോഗി പോർട്ടൽ വഴി ഓൺലൈൻ പരിശീലനവും നൽകും. എണ്ണൂറോളം ഇലേണിങ് കോഴ്സുകളും കർമയോഗി പോർട്ടലിൽ ഉൾപ്പെടുത്തി.






# ഹൃദയത്തിന്റെ ത്രീഡി ആന്തരിക ചിത്രീകരണവും പഠനങ്ങളുമായി ഹൃദ്രോഗ വിദഗ്ദ്ധരുടെ സമ്മേളനം

**കോഴിക്കോട്:** ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രാഫി (കഅളഋ) കേരള ചാപ്റ്ററിന്റെ വാർഷിക സമ്മേളനം ഹോട്ടൽ റാവിസ് കടവിൽ നടന്നു.

അൾട്രാസൗണ്ട് ഇമേജിങ്ങ് വഴി ഹൃദയത്തിന്റെ അസ്വാഭാവികതകൾ വിലയിരുത്തി ചികിത്സകൾ ക്രമപ്പെടുത്തുകയും, ഈ മേഖലയിലെ ഗവേഷണങ്ങൾ, പരിശീലനങ്ങൾ എന്നിവക്ക് നേതൃത്വം നൽകുകയും, ചികിത്സാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്യുന്ന ശാസ്ത്ര സംഘടനയാണ് ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രാഫി (ഐ.എ.ഇ).

ഐ എ ഇ ദേശീയ പ്രസിഡന്റ് ഡോ. സതീഷ്. സി.ഗോവിന്ദ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഹൃദ്രോഗങ്ങൾ കണ്ടെത്തുന്നതിലും, കൃത്യതയേറിയ ചികിത്സക്കും ഇമേജിംഗ് സാങ്കേതികവിദ്യകളില്ലാത്ത ഹൃദ്രോഗ ചികിത്സ ഇന്ന് സങ്കൽപ്പിക്കുക പോലും സാധ്യമല്ല. ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ എക്കോകാർഡിയോഗ്രാഫിയിൽ വിസ്മയകരമായ പുരോഗതിയാണ് കൊണ്ടു വന്നത്. ഇമേജിംഗ് കൃത്യത, വിശകലനം എന്നിവ വഴി ചികിത്സാ രംഗത്ത് വന്ന വിപ്ലവം അനിർവചനീയമാണ്, ഡോ. സതീഷ് ഗോവിന്ദ് പറഞ്ഞു.

ത്രീഡി എക്കോ ഇമേജിങ്ങ് സാങ്കേതിക വിദ്യയിൽ ഉയർന്ന ആവൃത്തിയിലുള്ള ശബ്ദ തരംഗങ്ങൾ എങ്ങനെയാണ് ഹൃദയത്തിന്റെ തത്സമയ മൾട്ടിഡൈമൻഷണൽ ഇമേജുകൾ സൃഷ്ടിക്കുന്നതെന്ന് ഐഎഇ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. സുരേഷ് കെ വിശദീകരിച്ചു.

ഹൃദയത്തിന്റെ അറകൾ, വാൽവുകൾ, എന്നിവയുടെ പ്രവർത്തനം വിലയിരുത്തുന്നതിൽ ഇത് വ്യക്തതയും കൃത്യതയും നൽകുന്നു. ഇത് കൂടുതൽ കൃത്യമായ രോഗനിർണ്ണയത്തിനും അനുയോജ്യമായ ചികിത്സാ പദ്ധതികൾ ആവിഷ്കരിക്കാനും സഹായിക്കുന്നു.

ഓർഗനൈസിംഗ് ചെയർമാൻ ഡോ സജീവ് സി.ജി; ഐഎഇ ദേശീയ പ്രസിഡന്റ് ഡോ. സതീഷ് .സി .ഗോവിന്ദ്; ഐഎഇ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.സുരേഷ് കെ; ഐഎഇ സ്ഥിരം ക്ഷണിതാവ് ഡോ.രാജൻ ജോസഫ് മാഞ്ഞൂരാൻ; സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. ശിവപ്രസാദ് കെ; ഓർഗനൈസിംഗ് സെക്രട്ടറി ഡോ. രാജേഷ് കെ. എഫ് ; ഐഎഇ കേരള ചാപ്റ്റർ സെക്രട്ടറി ഡോ എസ്. പ്രവീൺ; ഡോ.ബിനോ ബെഞ്ചമിൻ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

പാലക്കാട് അട്ടപ്പാടിയിലെ ട്രൈബൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ഐ.എ.ഇ കേരള ചാപ്റ്റർ ഒരു എക്കോ സ്ക്രീനിംഗ് ക്യാമ്പും സംഘടിപ്പിച്ചു.

സമ്മേളനത്തിൽ ഡോ.സതീഷ് സി ഗോവിന്ദ് ത്രിഡി എക്കോ ശിൽപശാലയ്ക്ക് നേതൃത്വം നൽകി. ഇരുനൂറിലധികം കാർഡിയോളജിസ്റ്റുകളും, കാർഡിയോ വാസ്കുലർ ടെക്നോളജിസ്റ്റുകളും രണ്ട് ദിവസത്തെ ശാസ്ത്ര സെഷനുകളിൽ പങ്കെടുത്തു

# ഒരുമയിലൂടെ ലഹരിക്കെതിരായ ആഘോഷമായി ജിടെക് മാരത്തോൺ

**കൊച്ചി:** ഇൻഫോപാർക്ക് ക്യാമ്പസിൽ നടന്ന ഐടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക് മാരത്തോണിൽ ഫ്ളാഗ് ഓഫിന് കാത്തു നിൽക്കുന്ന പതിനൊന്ന് വീൽച്ചെയർ അത്ലീറ്റുകൾ. കൊടി താഴുമ്പോൾ അവരിൽ കണ്ടത് ഒന്നാമതെത്താനുള്ള വീറോ വാശിയോ ആയിരുന്നില്ല, മറിച്ച് ഒന്നിച്ച് ലക്ഷ്യത്തിലേക്കെത്താനുള്ള സംഘബോധമായിരുന്നു.



ഒരു കിഡ്നിയും മൂന്ന് തവണ അർബുദരോഗബാധയുമുള്ള അവസ്ഥയെ വെല്ലുവിളിച്ച് രണ്ടാം സ്ഥാനം നേടിയ തങ്കപ്രസാദും കൈപിടിച്ച് അന്ധതയെ അതിജീവിച്ച് ഓടിയെത്തിയവരും ഓട്ടിസം ബാധിതരുമെല്ലാം ജിടെക് മാരത്തോണിലൂടെ നൽകിയത് ഒരുമയുടെ സന്ദേശമാണ്. നോടു ഡ്രഗ്സ്, യെസ് ടു ലൈഫ് എന്ന പ്രമേയത്തിൽ ഇതിലും മികച്ച ഉദാഹരണം സമൂഹത്തിന് നൽകാനുമില്ല.

ഒരുമയുടെ ഉത്സവമെന്നാണ് ജിടെക് മാരത്തോണിൽ പങ്കെടുത്തുകൊണ്ട് പ്രശസ്ത അർബുദ രോഗവിദഗ്ധൻ ഡോ. എം ഗംഗാധരൻ പറഞ്ഞത്. ലഹരി ഉപയോഗത്തിൻറെ ദൂഷ്യഫലങ്ങൾ എന്നും കാണുന്ന തനിക്ക് ആരോഗ്യബോധവത്കരണത്തിനു വേണ്ടി ഇവിടെയെത്തിയ ജനക്കൂട്ടം വലിയ സന്തോഷം പകരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എല്ലാവരെയും ഉൾക്കൊണ്ടുള്ളതാകണം ഇക്കുറി ജിടെക് മാരത്തോൺ എന്ന നിർബന്ധം സംഘാടകർക്കുണ്ടായിരുന്നുവെന്ന് ജിടെക് ചെയർമാനും ഐബിഎസ് സോഫ്റ്റ് വെയർ സ്ഥാപകനുമായ വി കെ മാത്യൂസ് പറഞ്ഞു. വീൽചെയർ അത്ലറ്റുകൾ, കാഴ്ചപരിമിതർ, ഓട്ടിസം ബാധിച്ചവർ തുടങ്ങിയവർക്കും മാരത്തോണിൽ തുല്യഅവസരം നൽകി. ഈ സമൂഹം എന്നും അവർക്കൊപ്പമുണ്ടെന്ന വലിയ സന്ദേശം നൽകാനായതിൽ ചാരിതാർഥ്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജിടെക് മൂന്നാം ലക്കം 2025 ഫെബ്രുവരി ഒമ്പതിന് തിരുവനന്തപുരത്തും നാലാം ലക്കം 2026 ഫെബ്രുവരി എട്ടിന് കൊച്ചിയിലും നടത്തുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

മാരത്തോൺ നടക്കാൻ പോകുന്നുവെന്ന വിവരം അറിഞ്ഞപ്പോൾ തന്നെ അതിൽ പങ്കെടുക്കണമെന്ന ആഗ്രഹം ഉണ്ടായതായി മത്സരത്തിൽ പങ്കെടുത്ത തക്ഷൺ ക്രിയേറ്റീവ്സ് സഹസ്ഥാപകൻ ജോളി ജോസഫ് പറഞ്ഞു. അതീവ സന്തോഷത്തോടെ ജിടെക് അധികൃതർ പിന്തുണ നൽകി.



# ഗ്ലോബൽ പബ്ലിക് സ്കൂളിൽ തരംഗ് താൾമേൾ അരങ്ങേറി

**കൊച്ചി :** ഗ്ലോബൽ പബ്ലിക് സ്കൂളിൽ 'തരംഗ് താൾമേൾ' സംഗീതവിരുന്ന് അരങ്ങേറി. ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ എണ്ണൂറ്റി അമ്പതോളം കുട്ടികൾ അഞ്ച് ഭാഷയിൽ ഇരുപതിലതികം ഗാനങ്ങൾ കോർത്തിണക്കി അവതരിപ്പിച്ചു. കുട്ടികൾക്കൊപ്പം സംഗീത സംവിധായകൻ ഷാൻ റഹ്മാനും ടീമും ഗാനാലാപനത്തിൽ പങ്കുചേർന്നു. ഇന്നലെ വൈകിട്ട് അഞ്ചിന് പുരക്കൽ ജോസഫ് മെമ്മോറിയൽ ഓഡിറ്റോറിയത്തിലാണ് 'തരംഗ് താൾമേൾ' എന്ന വ്യത്യസ്ത സംഗീത വിരുന്ന് അരങ്ങേറിയത്.

ഗ്ലോബൽ പബ്ലിക് സ്കൂൾ വിദ്യർത്ഥികൾ ഷാൻ റഹ്മാൻ മ്യൂസിക് കൺസർവേറ്ററിയുമായി സഹകരിച്ചാണ് 'തരംഗ് താൾമേൾ' സംഗീത സായാഹ്നം ഒരുക്കിയത്.

ഷാൻ റഹ്മാൻ മ്യൂസിക് കൺസർവേറ്ററി കരിക്കുലത്തിന്റെ ഭാഗമായി ഒരുവർഷം നടത്തിയ സംഗീത പഠനത്തിനൊടുവിലാണ് 'തരംഗ് താൾമേൾ' അരങ്ങിലെത്തിയത്. ഷാൻ റഹ്മാൻ കൺസർവേറ്ററിയുടെ സിലബസ് പ്രകാരമായിരുന്നു സംഗീതാഭ്യസനം.



# ആരോഗ്യ ബോധവത്കരണം; എല്ലാ പഞ്ചായത്തിലും മാരത്തോൺ സംഘടിപ്പിക്കുന്നത് പരിഗണനയിൽ കായികമന്ത്രി

കൊച്ചി: സമൂഹത്തിൽ ആരോഗ്യബോധവത്കരണവും ലഹരിക്കെതിരായ സന്ദേശവും നൽകുന്നതിന് എല്ലാ പഞ്ചായത്തിലും മാരത്തോൺ സംഘടിപ്പിക്കുന്നത് പരിഗണനിയിലാണെന്ന് സംസ്ഥാന കായികമന്ത്രി വി അബ്ദുറഹിമാൻ പറഞ്ഞു. കൊച്ചിയിലെ ഇൻഫോപാർക്കിൽ ഐടി വ്യവസായ കൂട്ടായ്മയായ ജിടെക് സംഘടിപ്പിച്ച മാരത്തോൺ മത്സരങ്ങളുടെ വിജയികൾക്ക് സമ്മാനദാനം നടത്തുകയായിരുന്നു മന്ത്രി.

തിരുവനന്തപുരത്ത് കഴിഞ്ഞ മാസം നടന്ന അന്താരാഷ്ട്ര കായിക ഉച്ചകോടിയിൽ ഇത്തരമൊരു നിർദ്ദേശം ഉയർന്നിരുന്നു. ഇത് സജീവപരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു.

ആറായിരത്തിലധികം പേരാണ് ജിടെക് സംഘടിപ്പിച്ച മാരത്തോണിൽ പങ്കെടുത്തത്. വെളുപ്പിന് നാലേമുക്കാലിന് തന്നെ പങ്കെടുക്കാനെത്തിയവർ ഇൻഫോപാർക്ക് ഫേസ് ടുവിലെത്തി. 21 കി.മീ, 10 കി.മീ, 3 കി.മീ എന്നീ വിഭാഗങ്ങളിലായിരുന്നു മത്സരം. പുരുഷന്മാർക്കും വനിതകൾക്കുമായി സീനിയർ വെറ്ററൻ, വെറ്ററൻ, ഓപ്പൺ എന്നീ വിഭാഗങ്ങളിലാണ് മത്സരം നടന്നത്. ഇൻഫോപാർക്ക് ഫേസ് ടുവിലെ സൻസ്ക്കാര സ്കൂളിനു മുന്നിൽ നിന്നും ജെംസ് സ്കൂൾ, ചിത്രപ്പുഴ പാലം, ഇൻഫോപാർക്ക് ഫേസ് ഒന്ന്, ഇൻഫോപാർക്ക് പോലീസ് സ്റ്റേഷൻ, കാർണിവൽ ഐടി പാർക്ക്, സ്മാർട്ട്സിറ്റി എന്നിവിടങ്ങൾ ചുറ്റി തിരികെ തുടക്ക സ്ഥലത്ത് എത്തുന്ന വിധത്തിലാണ് മാരത്തോൺ നടന്നത്.

ഹൈബി ഈഡൻ എം പി, ജിടെക് ചെയർമാൻ വി കെ മാത്യൂസ്, ഡോ. വി പി ഗംഗാധരൻ, മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം ടിനു യോഹന്നാൻ തുടങ്ങിയവർ ചേർന്നാണ് മത്സരങ്ങൾ ഫ്ളാഗ് ഓഫ് ചെയ്തത്.

സമ്മാനദാനച്ചടങ്ങിൽ വി അബ്ദുറഹിമാനെക്കൂടാത ഉമാ തോമസ് എംഎൽഎ, സിനിമാതാരങ്ങളായ അപർണ ബാലമുരളി, ഇന്ദ്രജിത്ത്, വി കെ മാത്യൂസ്, സെക്രട്ടറി വി ശ്രീകുമാർ, ഡോ. വി പി ഗംഗാധരൻ, എക്സൈസ് സ്പെഷ്യൽ ബ്രാഞ്ച് സിഐ ജി വിജയകുമാർ, തുടങ്ങിയവർ പങ്കെടുത്തു.

# മഹാരാഷ്ട്രയിൽ നിന്നുള്ള ഹർഷദ് മാത്രെ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ 2024ന്റെ ജേതാവ്

**കൊച്ചി:** ക്ലിയോസ്പോർട്സ് സംഘടിപ്പിച്ച ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ 2024ൽ മഹാരാഷ്ട്ര സ്വദേശി ഹർഷദ് മാത്രെ ജേതാവായി. ഫോട്ടോ ഫിനിഷിലാണ് ഹർഷദ് ജേതാവായത്. 2 മണിക്കൂർ 35 മിനിറ്റ് 50 സെക്കൻഡിലാണ് 28 കാരനായ ഹർഷദ് 42.195 കിമീ ഓടി ത്തീർത്തത്. മഹാരാഷ്ട്രയിൽ നിന്നുള്ള ദിനേശ് കിഷൻ പാട്ടിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. 2 മണിക്കൂർ 38 മിനിറ്റ് 37 സെക്കൻഡിൽ ഓടിയെത്തിയ തെലങ്കാനയിൽ നിന്നുള്ള രാമാവത് രമേശ് ചന്ദ്ര മൂന്നാമതെത്തി.

വനിതകളുടെ വിഭാഗത്തിൽ മഹാരാഷ്ട്രയിൽ നിന്നുള്ള ആരതി പാട്ടിൽ 3 മണിക്കൂർ 37 മിനിറ്റ് 3 സെക്കൻഡിൽ ഒന്നാമതെത്തി. 4 മണിക്കൂർ 25 മിനിറ്റ് 17 സെക്കൻഡിൽ പൂർത്തിയാക്കിയ കേരളത്തിൽ നിന്നുള്ള അഞ്ജു മുരുകൻ രണ്ടാം സ്ഥാനത്തെത്തി.

സമ്മാനദാനച്ചടങ്ങിൽ കായിക മന്ത്രി വി. അബ്ദുറഹ്മാൻ, ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ വരും വർഷങ്ങളിൽ അന്താരാഷ്ട്ര ശ്രദ്ധയാകർഷിക്കുന്നതാകട്ടെയെന്ന് മന്ത്രി ആശംസിച്ചു.



കോസ്റ്റ് ഗാർഡ് ഡിഐജി എൻ. രവി, മുൻ ഇന്ത്യൻ ബാസ്കറ്റ്ബോൾ, നെറ്റ്ബോൾ താരവും സിനിമാ താരവുമായ പ്രാചി തെഹ്ലാൻ, സിനിമ താരം ഹക്കിം ഷാ, എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാരിയർ, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ അശുതോഷ് ഖജൂരിയ, ആസ്റ്റർ മെഡ്സിറ്റി ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ, ലുലു ഗ്രൂപ്പ് ഇന്ത്യ കോമേഴ്ഷ്യൽ മാനേജർ സാദിഖ് കാസിം തുടങ്ങിയവർ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

മഹാരാജാസ് ഗ്രൗണ്ടിൽ പുലർച്ചെ 4 മണിക്ക് അസിസ്റ്റന്റ് പോലീസ് കമ്മിഷണർ വി.കെ. രാജു, ഫെഡറൽ ബാങ്ക് സിഎംഒ എം.വി.എസ്. മൂർത്തി എന്നിവർ ചേർന്ന് മാരത്തൺ ഫ്ളാഗ് ഓഫ് ചെയ്തു. മുൻ അത്ലറ്റുകളായ സതീഷ് പിള്ള, ടി സി യോഹന്നാൻ, ഇന്ത്യൻ വോളിബോൾ താരം രാജൻപ്രീത് സിങ്, ഫെഡറൽ ബാങ്ക് എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ, ഗാർഡീനിയ കോസ്മോട്രേഡ് (ടൈഗർ ബാം) പാർട്ണർ പുനീത് മോടിയാനി, ഹർ പാവ് ഇന്ത്യ കൺട്രി ഹെഡ് ദിപാഞ്ചൻ ഘോഷ്, അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ജയകുമാർ, ഒഫീഷ്യൽ മെഡിക്കൽ ഡയറക്ടർ ഡോ. ജോൺസൺ വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

നാല് വിഭാഗങ്ങളിലായി നടന്ന മാരത്തണിൽ പത്തിലേറെ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ 20 സംസ്ഥാനങ്ങളിൽ നിന്നുമായി 8000ഓളം പേർ പങ്കെടുത്തു.

സംസ്ഥാന ടൂറിസം വകുപ്പ്, സംസ്ഥാന കായിക വകുപ്പ്, കേരള പോലീസ് എന്നിവയുടെ സഹകരണത്തോടെ ആസ്റ്റർ മെഡ്സിറ്റി കൊച്ചി, ടൈഗർ ബാം, എൻജ്യൂസ് എന്നിവയുടെ പങ്കാളിത്തത്തിലാണ് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ സംഘടിപ്പിച്ചത്.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ആവേശത്തിൽ ഭിന്നശേഷിക്കാരും

**കൊച്ചി:** ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ആദ്യ നാല് ഇനങ്ങളും എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ ട്രാക്കിൽ ആർപ്പുവിളികളുമായി ഫ്ളാഗ് ഓഫ് ചെയ്യപ്പെട്ടപ്പോൾ അഞ്ചാമത്തെ ഇനം അതിലെല്ലാമുപരി ആവേശം നിറഞ്ഞതായി. മാരത്തണിൽ ആദ്യമായി ഉൾപ്പെടുത്തിയ 1.3 കിലോമീറ്റർ സ്പെഷൽ റണ്ണായിരുന്നു അഞ്ചാമത്തെ ഇനം. വിജയിയെ പ്രഖ്യാപിക്കുന്ന ഇനമല്ലായിരുന്നെങ്കിലും ശാരീരിക അവശതകൾ അനുഭവിക്കുന്നവർക്കും ഭിന്നശേഷിക്കാർക്കുമായുള്ള ഈ ഇനം മാരത്തണിൽ പങ്കെടുക്കാനെത്തിയ എല്ലാവരിലും പോസിറ്റീവ് എനർജി നിറച്ചു.



സ്പെഷൽ റണ്ണിൽ പങ്കെടുക്കാൻ ആദ്യമെത്തിയ കേൾവി പ്രശ്നമുള്ള ദീപക് ദാസിന്റെ ഉത്സാഹം തന്നെയായിരുന്നു ഇതിന് ഏറ്റവും നല്ല തെളിവ്. ആദ്യമായി ഇത്രയധികം ആളുകളിലേക്ക് എത്തിയ ഈ 32കാരൻ എല്ലാവരെയും തോണ്ടിയും ചിരിച്ചും തന്റെ സന്തോഷവും അത്ഭുതവും പ്രകടിപ്പിച്ചു.

ഭിന്നശേഷിക്കാർക്ക് വേണ്ടി മട്ടാഞ്ചേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന രക്ഷാ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് ഭിന്നശേഷിക്കാരായ കുട്ടികളും വീൽചെയറിൽ കഴിയുന്നവരും അവരുടെ മാതാപിതാക്കളും ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ പങ്കെടുത്തത്. 250ഓളം പേരാണ് സ്പെഷൽ റണ്ണിൽ ഓടാനെത്തിയത്. ഓടാൻ കഴിയാത്തവർക്കായി അവരുടെ മാതാപിതാക്കളോ സുഹൃത്തുക്കളോ മാരത്തണിന്റെ ഭാഗമായി. ഇത്തരത്തിൽ നാനൂറോളം പേരാണ് ഈ ഇനത്തിൽ പങ്കെടുത്തത്.

രക്ഷയെ കൂടാതെ ബ്ലൈൻഡ് ഫെഡറേഷന്റെ ഫുട്ബോൾ ടീം, കരുണാൽ സ്പെഷൽ സ്കൂൾ, ആദർശ് ചാരിറ്റബിൾ ട്രസ്റ്റ്, അമൃത സ്കൂൾ, സ്നേഹനിലയം സ്കൂൾ, കൊട്ടോലെംഗോ സ്കൂൾ, സംരക്ഷണ സ്കൂൾ, ഡിഎസ്ടി പാരന്റ്സ് അസോസിയേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികൾക്കൊപ്പം വാർത്തയറിഞ്ഞെത്തിയ രക്ഷിതാക്കളും കുട്ടികളും മാരത്തണിൽ പങ്കെടുത്തു.കുട്ടികളും മാതാപിതാക്കളും ഏറെ താൽപര്യത്തോടെയാണ് ഇതിൽ പങ്കെടുത്തതെന്നും എല്ലാവരും വളരെ സന്തോഷത്തോടെയാണ് മടങ്ങുന്നതെന്നും രക്ഷാ സൊസൈറ്റി പ്രൊജക്ട് കോർഡിനേറ്റർ എലിസബത്ത് ഫിലിപ്പ് അറിയിച്ചു. ആൾക്കൂട്ടവും ശബ്ദകോലാഹലങ്ങളും കുട്ടികളെ ബാധിക്കാത്തവിധത്തിൽ വളരെ കരുതലോടെയാണ് മാരത്തൺ സംഘടിപ്പിച്ചതെന്നും അവർ കൂട്ടിച്ചേർത്തു.



അയോധ്യയിൽ പ്രവർത്തനമാരംഭിച്ച കല്യാൺ ജൂവലേഴ്സിന്റെ 250മത് ഷോറൂം കല്യാൺ ജൂവലേഴ്സിന്റെ ബ്രാൻഡ് അംബാസിഡർ അമിതാഭ് ബച്ചൻ ഉദ്ഘാടനം ചെയ്യുന്നു. രാജേഷ് കല്യാണരാമൻ, ടി.എസ്. ബലരാമൻ, ടി.എസ്. അനന്തരാമൻ, ടി.എസ്. കല്യാണരാമൻ, ടി.എസ്. പട്ടാഭിരാമൻ, രമേശ് കല്യാണരാമൻ, ടി.എസ്. രാമചന്ദ്രൻ, ആർ. കാർത്തിക് എന്നിവർ സമീപം

# കല്യാൺ ജൂവലേഴ്സിന്റെ 250മത് ഷോറൂം അയോധ്യയിൽ അമിതാഭ് ബച്ചൻ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ഇന്ത്യയിലെയും ഗൾഫ് രാജ്യങ്ങളിലെയും ഏറ്റവും വിശ്വാസ്യതയാർന്ന ആഭരണ ബ്രാൻഡുകളിലൊന്നായ കല്യാൺ ജൂവലേഴ്സിന്റെ അയോധ്യയിലെ ഷോറൂം കമ്പനിയുടെ ബ്രാൻഡ് അംബാസിഡർ അമിതാഭ് ബച്ചൻ ഉദ്ഘാടനം ചെയ്തു. ആഗോളതലത്തിൽ കല്യാൺ ജൂവലേഴ്സിന്റെ 250മത് ഷോറൂമാണ് അയോധ്യയിലേത് എന്ന പ്രത്യേകതകൂടിയുണ്ട്. ബ്രാൻഡിന്റെ പുതിയ ഷോറൂമിൽ ആഡംബരപൂർണമായ ഷോപ്പിംഗ് അനുഭവവും ലോകനിലവാരത്തിലുള്ള ഷോപ്പിംഗ് അന്തരീക്ഷത്തിൽ വിപുലമായ ആഭരണരൂപകൽപ്പനകളുമാണ് ഒരുക്കിയിരിക്കുന്നത്.

കല്യാൺ ജൂവലേഴ്സിന്റെ 250മത് ഷോറൂം ഉദ്ഘാടനം ചെയ്യുന്ന ആഘോഷപരിപാടിയിൽ പങ്കെടുക്കുന്നതിൽ സന്തോഷവും അഭിമാനവുമുണ്ടെന്ന് അമിതാഭ് ബച്ചൻ പറഞ്ഞു. മാർഗദർശകങ്ങളായ നിരവധി ഉദ്യമങ്ങളിലൂടെ ഇന്ത്യൻ ആഭരണവ്യവസായത്തെ സ്ഥിരമായി രൂപപ്പെടുത്തി വരികയായിരുന്നു കല്യാൺ ജൂവലേഴ്സ്. ഒരു പതിറ്റാണ്ടിലേറെയായി ഈ ജനപ്രിയ ബ്രാൻഡുമായി സഹകരിക്കുന്നതിൽ അഭിമാനമുണ്ട്. വിശ്വാസം, സുതാര്യത, ഉപയോക്തൃ കേന്ദ്രീകൃതമായ സേവനം എന്നിവയിൽ ഉറച്ചുനിൽക്കുന്നതാണ് കല്യാൺ ജൂവലേഴ്സിന്റെ പാരമ്പര്യമെന്നും ഈ സവിശേഷമായ ആഭരണ ബ്രാൻഡിനെ അയോധ്യയിലെ ഉപയോക്താക്കൾ ഹാർദ്ദമായി സ്വീകരിക്കുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി എസ് കല്യാണരാമനും കുടുംബത്തിനുമൊപ്പം അമിതാഭ് ബച്ചൻ അയോധ്യയിലെ രാമക്ഷേത്രത്തിൽ സന്ദർശനം നടത്തി. രാമക്ഷേത്രത്തോടുള്ള ആദരസൂചകമായി കല്യാണരാമൻ കുടുംബം അൺകട്ട് റൂബി, മുത്തുകൾ, മരതക കല്ലുകൾ എന്നിവ ഉപയോഗിച്ച് അലങ്കരിച്ച മനോഹരമായ ഒരു പോൾക്കി നെക്ക്പീസ് ക്ഷേത്രത്തിന് സമർപ്പിച്ചു.

ഇരുന്നൂറ്റിയൻപതാമത്തെ ഷോറൂം ഉദ്ഘാടനം ചെയ്യുമ്പോൾ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തി മൂന്നു പതിറ്റാണ്ടു നീണ്ട ദീർഘമായ യാത്രയിൽ പങ്കാളികളായ ഉപയോക്താക്കളോടും പങ്കാളികളോടും ജീവനക്കാരോടും നന്ദി അറിയിക്കുന്നുവെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. സവിശേഷമായ ആഭരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രതിബദ്ധതയുടെയും രാജ്യത്തെമ്പാടുമായുള്ള ഉപയോക്താക്കളുമായി ബന്ധം നിലനിർത്താൻ കഴിയുന്നതിന്റെയും പ്രതിഫലനമാണ് ഈ പുതിയ നാഴികക്കല്ല്. സേവനത്തെ അടിസ്ഥാനമാക്കിയുള്ള ഷോപ്പിംഗ് അനുഭവം ഉപയോക്താക്കൾക്കായി അവതരിപ്പിക്കുന്നതിൽ ഒട്ടേറെ മുന്നേറ്റങ്ങൾ നടത്താൻ കല്യാൺ ജൂവലേഴ്സിനു കഴിഞ്ഞിട്ടുണ്ട്. മുന്നോട്ടുള്ള യാത്രയിലും ഉപയോക്തൃകേന്ദ്രീകൃതമായ സമീപനമായിരിക്കും വളർച്ചയ്ക്ക് നിദാനമാകുകയെന്നും അദ്ദേഹം പറഞ്ഞു.

അയോധ്യയുടെ പ്രാധാന്യം കണക്കിലെടുത്ത് നിമാ ടെംപിൾ ജൂവലറി ശേഖരത്തിൽ പ്രത്യേകമായി രൂപകൽപ്പന ചെയ്ത ആഭരണങ്ങൾ അവതരിപ്പിക്കുന്നുണ്ട്. സമ്പന്നമായ പാരമ്പര്യവും നവീനമായ രൂപകൽപ്പനകളും പ്രഷ്യസ് സ്റ്റോണുകളും ഉൾപ്പെടുത്തി നൈപുണ്യത്തോടെ നിർമ്മിച്ചവയാണ് ഇവ. രാമായണത്തിലെയും മറ്റ് ഇന്ത്യൻ ഇതിഹാസങ്ങളിലേയും കാലാതീതമായ ആഖ്യാനങ്ങൾക്കുള്ള ആദരവാണ് ഈ ആഭരണങ്ങൾ.

# ഐഎസ്എൽ: അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

**കൊച്ചി:** ഐഎസ്എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിൽ കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ ഇന്നു നടക്കുന്ന കേരള ബ്ലാസ്റ്റേഴ്സ്-പഞ്ചാബ് എഫ്സി മൽസരത്തിനൊടനുബന്ധിച്ച് ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് കൊച്ചി മെട്രോ അധിക സർവ്വീസ് ഒരുക്കുന്നു. ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് ആലുവ ഭാഗത്തേക്കും എസ്എൻ ജംഗ്ഷ നിലേക്കുമുള്ള അവസാന ട്രെയിൻ സർവ്വീസ് 11.30ന് ആയിരിക്കും. രാത്രി പത്ത് മണി മുതൽ ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ് ഉണ്ടായിരിക്കുന്നതാണ്. മത്സരം കാണുന്നതിനായി മെട്രോയിൽ വരുന്നവർക്ക് മത്സരശേഷം തിരികെ യാത്ര ചെയ്യുന്നതിനായുള്ള ടിക്കറ്റ് ആദ്യം തന്നെ വാങ്ങാൻ സാധിക്കും.

ടിക്കറ്റ് വാങ്ങുന്നതിനായുള്ള ക്യൂ ഒഴിവാക്കാൻ ഇതുവഴി സാധിക്കും. മെട്രോയിൽ ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിലേക്ക് എത്തുന്നവർക്ക് റോഡ് മുറിച്ച് കടക്കാതെ മെട്രോ സ്റ്റേഷന് അകത്ത് നിന്ന് തന്നെ സ്റ്റേഡിയം ഭാഗത്തേക്ക് പ്രവേശിക്കാവുന്നതാണ്. പൊതുജനങ്ങൾക്കും മത്സരം കണ്ട് മടങ്ങുന്ന ഫുട്ബോൾ ആരാധകർക്കും മെട്രോ സർവ്വീസ് പ്രയോജനപ്പെടുത്താം. തിരക്ക് നിയന്ത്രിക്കുന്നതിനായി പ്രത്യേക ക്രമീകരണങ്ങൾ സ്റ്റേഷനിൽ ഒരുക്കിയിട്ടുണ്ട്. നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കൊച്ചി മെട്രോ സ്റ്റേഷനുകളിലെ പേ ആൻഡ് പാർക്ക് സൌകര്യം ഉപയോഗിക്കാവുന്നതാണ്. തൃശൂർ, മലപ്പുറം ഭാഗത്ത് നിന്ന് വരുന്നവർക്ക് ആലുവ മെട്രോ സ്റ്റേഷനിലെ പാർക്കിംഗ് സ്ഥലത്ത് ബസ്സുകളും കാറുകളും പാർക്ക് ചെയ്ത ശേഷം മെട്രോയിൽ സ്റ്റേഡിയം ഭാഗത്തേക്ക് യാത്ര ചെയ്യാൻ സാധിക്കും. അൻപത് കാറുകളും 10 ബസ്സുകളും ഒരോ സമയം പാർക്ക് ചെയ്യാനുള്ള സൌകര്യമാണ് ആലുവ സ്റ്റേഷനിലുള്ളത്.

പറവൂർ, കൊടുങ്ങല്ലൂർ വഴി ദേശീയപാത 66ൽ എത്തുന്നവർക്ക് ഇടപ്പള്ളി മെട്രോ സ്റ്റേഷന് സമീപത്തെ പാർക്കിംഗിൽ വാഹനം പാർക്ക് ചെയ്ത് മെട്രോയിൽ ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിലേക്ക് യാത്ര ചെയ്യാനാകും. 15 ബസ്സുകളും 30 കാറുകളും ഇടപ്പള്ളിയിൽ പാർക്ക് ചെയ്യാം. ആലപ്പുഴ, തിരുവനന്തപുരം ഭാഗത്ത് നിന്ന് റോഡ് മാർഗ്ഗം വരുന്നവർക്ക് വൈറ്റിലയിൽ നിന്ന് കൊച്ചി മെട്രോയിൽ യാത്ര ചെയ്ത് സ്റ്റേഡിയത്തിലേക്കെത്താം. കോട്ടയം, ഇടുക്കി മേഖലയിൽ നിന്ന് വരുന്നവർക്ക് എസ്എൻ ജംഗ്ഷൻ, വടക്കേക്കോട്ട സ്റ്റേഷനുകളിൽ നിന്ന് മെട്രോ സേവനം ഉപയോഗിക്കാം.




# കോർപ്പറേറ്റ് സ്പോർട്സ് ചാമ്പ്യൻഷിപ്പ്

**കൊച്ചി:**മുത്തൂറ്റ് ഫിനാൻസ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻറ് ഇൻഡസ്ട്രിയുമായി സഹകരിച്ച് സംഘടിപ്പിച്ച കോർപ്പറേറ്റ് സ്പോർട്സ് ചാമ്പ്യൻഷിപ്പ് കൊച്ചി 2023 സമാപിച്ചു.മുത്തൂറ്റ് മൈക്രോഫിൻ ഫുട്ബോൾ, ക്രിക്കറ്റ് എന്നിവയിൽ ഒന്നാം സ്ഥാനത്തെത്തി. ഫുട്ബോളിൽ എഫ്സിഐ ഒഇഎൻ കണക്റ്റേഴ്സും ക്രിക്കറ്റിൽ ടിസിഎസ് കൊച്ചിയും രണ്ടാം സ്ഥാനത്തെത്തി. വിജയികൾക്ക് 50,000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 20,000 രൂപയുമാണ് ലഭിച്ചത്.

ബാഡ്മിൻറണിൽ ടിസിഎസ് കൊച്ചിയാണ് കൂടുതൽ മെഡലുകൾ നേടിയത്. ടിസിഎസ് കൊച്ചി പുരുഷ, വനിതാ സിംഗിൾസുകൾ, പുരുഷ ഡബിൾസ്, മിക്സഡ് ഡബിൾസ് എന്നിവയിൽ സ്വർണം നേടി. പുരുഷ സിംഗിൾസ്, ഡബിൾസ്, മിക്സഡ് ഡബിൾസ് എന്നിവയിൽ രണ്ടാം സ്ഥാനവും ടിസിഎസ് താരങ്ങൾ കരസ്ഥമാക്കി. യുഎസ്ടി ഗ്ലോബൽ മിക്സഡ് ഡബിൾസിൽ സ്വർണവും വനിതാ ഡബിൾസിൽ വെള്ളിയും നേടി. വനിതാ സിംഗിൾസിൽ രണ്ടാം സ്ഥാനം ഇവൈ കരസ്ഥമാക്കി. ഓരോ വിജയികൾക്കും അയ്യായിരം രൂപ വീതവും രണ്ടാം സ്ഥാനക്കാർക്ക് 2500 രൂപ വീതവും ലഭിച്ചു.2023 ഒക്ടോബർ 13 മുതൽ 2024 ഫെബ്രുവരി ഒൻപതു വരെ നടത്തിയ ചാമ്പ്യൻഷിപ്പിൽ ബാഡ്മിൻറൺ, ക്രിക്കറ്റ്, ഫുട്ബോൾ തുടങ്ങിയവയിലാണ് മൽസരങ്ങൾ സംഘടിപ്പിച്ചത്.അബാദ് പ്ലാസയിൽ നടന്ന സമാപന ചടങ്ങിൽ എറണാകുളം ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ് ഐഎഎസ്, മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ്, ഫിക്കി കേരള സംസ്ഥാന കൗൺസിൽ മേധാവി സാവിയോ മാത്യു, കേരളാ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് യു ഷറഫ് അലി, 20 കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ഉയർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.കഴിഞ്ഞ ഏതാനും മാസങ്ങളായി ഇരുപതിലേറെ കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ നിന്നായി 400ൽ ഏറെ കായിക താരങ്ങൾ പങ്കെടുത്തത് മികച്ചൊരു അനുഭവമായിരുന്നുവെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

വ്യക്തിഗത ക്ഷേമം മാത്രമല്ല ശക്തമായ കോർപ്പറേറ്റ് ബന്ധങ്ങളും ഐക്യവും സ്പോർട്സ്മാൻഷിപ്പും വളർത്തുന്ന ഒന്നാണ് കായിക രംഗം. എല്ലാ മുൻനിര കോർപ്പറേറ്റുകളിൽ നിന്നും ആവേശകരമായ പ്രതികരണം ലഭിച്ച ഈ ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കാനും സ്പോൺസർ ചെയ്യാനും അവസരം ലഭിച്ചതിൽ തങ്ങൾക്ക് അഭിമാനമുണ്ട്. ഇതൊരു മികച്ച വിജയമാക്കാൻ ഫിക്കി ശക്തമായ പിന്തുണയാണ് നൽകിയത്. ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ തികച്ചും അവിസ്മരണീയമാക്കിയ എല്ലാ വിജയികളേയും പങ്കാളികളേയും വോളണ്ടിയർമാരേയും അഭിനന്ദിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇത്തരത്തിലും കൂടുതൽ ചാമ്പ്യൻഷിപ്പുകൾക്ക് ആതിഥേയത്വം വഹിക്കാൻ തങ്ങൾ കാത്തിരിക്കുയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ഇലക്ട്രിക് ത്രീവീലർ വിപണിയിൽ മുന്നേറ്റം തുടർന്ന് മഹീന്ദ്ര

**കൊച്ചി:** മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡിൻറെ ഉപവിഭാഗമായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് (എംഎൽഎംഎംഎൽ) 2024 സാമ്പത്തിക വർഷത്തിൽ മികച്ച നേട്ടത്തോടെ ഇലക്ട്രിക് ത്രീവീലർ വിപണിയിൽ മുന്നേറ്റം തുടരുന്നു.

ഇതുവരെ 1.4 ലക്ഷത്തിൽ അധികം ഇലക്ട്രിക് വാഹനങ്ങൾ എംഎൽഎംഎംഎൽ വിൽപന നടത്തിയത്. ഇന്ത്യയിലെ ഇലക്ട്രിക് ത്രീവീലർ വിപണിയിൽ എംഎൽഎംഎംഎല്ലിന് നിലവിൽ 9.3 ശതമാനം പങ്കാളിത്തമുണ്ട്. എൽ5 ഇവി വിഭാഗത്തിൽ, 2024 സാമ്പത്തിക വർഷത്തിൽ ഇതുവരെ 55.1 ശതമാനം പങ്കാളിത്തത്തോടെ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് ആണ് മുന്നിലെന്ന് എംഎൽഎംഎംഎല്ലിൻറെ എംഡിയും സിഇഒയുമായ സുമൻ മിശ്ര പറഞ്ഞു.വെറും എട്ട് മാസത്തിൽ 40,000 ഇവികൾ വിറ്റുകൊണ്ട് മികച്ച വളർച്ചയാണ് എംഎൽഎംഎംഎൽ നേടിയത്. ട്രിയോ പ്ലസ്, ഇആൽഫ സൂപ്പർ റിക്ഷയും കാർഗോ വേരിയൻറും എന്നിങ്ങനെ രണ്ട് പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചതാണ് ഈ കുതിപ്പിന് കാരണമായത്. ത്രീവീലർ ഇവികളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിന് ഉത്പാദനം മൂന്നിരട്ടി വർദ്ധിപ്പിച്ചിട്ടുണ്ട്.

ബെംഗളൂരു, ഹരിദ്വാർ, സഹീറാബാദ് എന്നിവിടങ്ങളിലാണ് എംഎൽഎംഎംഎല്ലിൻറെ നിർമ്മാണ പ്ലാൻറുകൾ സ്ഥിതി ചെയ്യുന്നത്.എംഎൽഎംഎംഎൽ വാഗ്ദാനം ചെയ്യുന്ന വൈവിധ്യമാർന്ന ത്രീവീലർ ഇവികളിൽ ട്രിയോ, ട്രിയോ പ്ലസ്, ട്രിയോ സോർ, ട്രിയോ യാരി, സോർ ഗ്രാൻഡ്, ഇആൽഫ സൂപ്പർ, ഇആൽഫ കാർഗോ എന്നിവ ഉൾപ്പെടുന്നു.

പണത്തിൻറെ മൂല്യത്തിനൊത്ത ഉത്പന്നങ്ങളും നൂതനവും സുസ്ഥിരവുമായ ലാസ്റ്റ് മൈൽ മൊബിലിറ്റി പരിഹാരങ്ങളും സ്ഥിരമായി നൽകിക്കൊണ്ട് ഉപഭോക്താക്കളുടെ ജീവിതം മെച്ചപ്പെടുത്താൻ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് പ്രതിജ്ഞാബദ്ധമാണെന്ന് സുമൻ മിശ്ര പറഞ്ഞു.ഉപഭോക്താക്കൾക്ക് മുൻഗണന നൽകുന്ന സമീപനത്തിൻറെ ഭാഗമായി, മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ഉദയ് പദ്ധതി അവതരിപ്പിച്ചിട്ടുണ്ട്.

ഇതിൻറെ ഭാഗമായി ഒരു എംഎൽഎംഎംഎൽ ഇവി വാങ്ങുമ്പോൾ ആദ്യ വർഷത്തിൽ ഡ്രൈവർക്ക് 10 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. ഉപഭോക്താക്കളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനുള്ള മഹീന്ദ്രയുടെ പ്രതിബദ്ധതയാണ് ഇത് എടുത്തുകാണിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

# കരാർ നിയമനം

**കൊച്ചി:** സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, എറണാകുളം റവന്യൂ ടവറിലേക്ക് മാനേജ്മെൻ്റ് കമ്മറ്റിയുടെ കീഴിൽ കരാർ ജീവനക്കാരെ നിയമിക്കുന്നതിനു യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. തസ്തികയും പ്രതീക്ഷിക്കുന്ന ശമ്പളവും സൂചിപ്പിക്കണം. അപേക്ഷകൾ ഇമെയിൽ ആയും അയക്കാം. ഇമെയിൽ അയക്കുമ്പോൾ സബ്ജക്റ്റ് ലൈനിൽ അപേക്ഷിക്കുന്ന തസ്തികയുടെ പേര് സൂചിപ്പിക്കണം. വനിതാ സ്വീപ്പർ 4 ഒഴിവ്, സെക്യൂരിറ്റി (പകൽ സമയം) 2 ഒഴിവ്, സെക്യൂരിറ്റി (രാത്രി സമയം) (പുരുഷന്മാർ മാത്രം) 1 ഒഴിവ്, ഇലക്ട്രീഷ്യൻ (മുൻ പരിചയം അഭികാമ്യം ) ഒഴിവ് 2, ലിഫ്റ്റ് ഓപ്പറേറ്റർ 1 ഒഴിവ്.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയതി ഫെബ്രുവരി 15 വൈകീട്ട് 3. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2369059. ഇമെയിൽ kshbekmdn@gmail.com

# കാപ്രി ഗ്ലോബൽ ക്യാപിറ്റൽ ലിമിറ്റഡ് ഓഹരി വിഭജനം പ്രഖ്യാപിച്ചു

**കൊച്ചി:** ബാങ്കിതര ധനകാര്യ കമ്പനിയായ (എൻബിഎഫ്സി) കാപ്രി ഗ്ലോബൽ ക്യാപിറ്റൽ ലിമിറ്റഡ് 1:1 അനുപാതത്തിൽ ഓഹരി വിഭജനം നടത്തും. രണ്ടു രൂപ മുഖവിലയുള്ള ഇകിറ്റി ഓഹരി ഒരു രൂപ മുഖവിലയുള്ള രണ്ട് ഇകിറ്റി ഓഹരികളാക്കി മാറ്റുന്നതിന് കമ്പനിയുടെ ഡയറക്ടർമാരുടെ ബോർഡ് യോഗം അനുമതി നൽകി. ഫെബ്രുവരി 22ന് ചേരുന്ന അസാധാരണ ജനറൽ മീറ്റിങ്ങിൽ പുതിയ തീരുമാനത്തിന് ഓഹരി ഉടമകളുടെ അനുമതി തേടും. ഇതോടൊപ്പം വിവിധ ഘട്ടങ്ങളിലായി 500 കോടി രൂപ വരെ സമാഹരിക്കുന്നതിന് കടപ്പത്രങ്ങൾ (എൻസിഡി) ഇറക്കാനും കമ്പനിയുടെ ബോർഡ് യോഗം തീരുമാനിച്ചു.

നടപ്പു സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ 68 കോടി രൂപയാണ് കമ്പനിയുടെ അറ്റാദായം. 81.7 ശതമാനം വാർഷിക വളർച്ചയോടെയാണ് ഈ ലാഭ നേട്ടം. കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തികളുടെ മൂല്യം 54.4 ശതമാനം വർധിച്ച് 13,362 കോടി രൂപയിലുമെത്തി.

# ബോണ്ട് ഉടമകൾക്കുള്ള തിരിച്ചടവ് പൂർത്തിയാക്കി വേദാന്ത റിസോഴ്സസ്

**കൊച്ചി:** വേദാന്ത റിസോഴ്സസ് ലിമിറ്റഡ് (വിആർഎൽ/ വേദാന്ത) ബോണ്ട് ഉടമകൾക്കുള്ള തിരിച്ചടവ് പൂർത്തിയാക്കി. ഈ വർഷം ആദ്യം ലഭിച്ച 3.2 ബില്യൺ ഡോളർ ബോണ്ടുകളുടെ കാലാവധി 2029ലേക്ക് നീട്ടിയ അനുമതിക്ക് അനുസൃതമായാണ് ഇത്.

ഈ പ്രക്രിയ പൂർത്തിയാകുന്നതോടെ കമ്പനിയുടെ ഡെറ്റ് മെച്യൂരിറ്റികൾ കൂടുതൽ തുല്യമായി വ്യാപിപ്പിക്കും, അതായിരുന്നു ഈ പ്രക്രിയയിൽ കമ്പനി പ്രധാനമായും ലക്ഷ്യമിട്ടത്.

വേദാന്ത ഗ്രൂപ്പ് കഴിഞ്ഞ വർഷം സെപ്റ്റംബറിൽ സുപ്രധാനമായ വിഭജന പദ്ധതിയും പുനസംഘടനാ പദ്ധതിയും പ്രഖ്യാപിച്ചിരുന്നു. ഇത് 17 ബിസിനസുകളിൽ വേദാന്ത ഗ്രൂപ്പിനെ പുനഃക്രമീകരിക്കും. ഓരോ ബിസിനസിനും ലോകോത്തര മാനേജ്മെൻറ് നേതൃത്വമുണ്ട്. ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഇറക്കുമതിക്ക് പകരമുള്ളതും ആഭ്യന്തര ആവശ്യം നിറവേറ്റുന്നതിനും നിർദ്ദേശമുണ്ട്. സ്ഥാപന, റീട്ടെയ്ൽ നിക്ഷേപകർക്ക് ഉയർന്ന നിലവാരമുള്ളതും, വൈവിധ്യമാർന്നതുമായ നിക്ഷേപാവസരങ്ങളും കമ്പനി ലഭ്യമാക്കുകയും ചെയ്യുന്നു.



അന്തരിച്ച പ്രമുഖ ഗായകൻ എസ്.പി ബാലസുബ്രമഹ്ണ്യത്തിനോടുള്ള ആദര സൂചകമായി ട്രിബ്യൂട്ട് ടു എസ്പിബി ' എന്ന പേരിൽ ഐ.എം.എ കൊച്ചി നേതൃത്വത്തിൽ എക്സ്.ജെ എന്റർടെയ്ൻമെന്റ്സുമായി സഹകരിച്ച് കലൂർ ഐ.എം എ ഹൗസിൽ നടന്ന സംഗീത നിശയിൽ പിന്നണി ഗായകൻ അഫ്സൽ, നഫ്‌ല സാജിദ് എന്നിവർ ഗാനം ആലപിക്കുന്നു.

# ഐ.എം.എ കൊച്ചി 'ട്രിബ്യൂട്ട് ടു എസ്പിബി' സംഘടിപ്പിച്ചു

**കൊച്ചി:** അന്തരിച്ച പ്രമുഖ ഗായകൻ എസ്.പി ബാലസുബ്രമഹ്ണ്യത്തിനോടുള്ള ആദര സൂചകമായി ഐ.എം.എ കൊച്ചി 'ട്രിബ്യൂട്ട് ടു എസ്പിബി ' സംഘടിപ്പിച്ചു

എക്സ്.ജെ എന്റർടെയ്ൻമെന്റ്സുമായി സഹകരിച്ച് നടത്തിയ സംഗീത നിശയ്ക്ക് ഗായകരായ അഫ്സൽ, നഫ്‌ല സാജിദ് എന്നിവർ നേതൃത്വം നൽകി.




# ഐ ട്രിപ്പിൾ ഇ കെ.പി.പി. നമ്പ്യാർ പുരസ്കാരം എസ്.സോമനാഥിന്

**തിരുവനന്തപുരം:** 2024ലെ കെപിപി നമ്പ്യാർ പുരസ്കാരം ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിന്റെ (ഐഎസ്ആർഒ) ചെയർമാൻ എസ്.സോമനാഥിന്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക് എഞ്ചിനീയേഴ്സ് (ഐ ട്രിപ്പിൾ ഇ) കേരള വിഭാഗം ഏർപ്പെടുത്തിയ പുരസ്കാരം ഹോട്ടൽ ഡിമോറയിൽ നടന്ന വാർഷിക അവാർഡ് ദാന ചടങ്ങിലാണ് സമ്മാനിച്ചത്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക് ആന്റ് ഇലക്ട്രിക്കൽ എൻജിനീയേഴ്സ് കേരളാ ഘടകം സ്ഥാപകനും ചെയർമാനുമായിരുന്നു ഇലക്ട്രോണിക്സ് വ്യവസായ മേഖലയുടെ കുലപതിയുമായ പത്മഭൂഷൺ ശ്രീ. കെ.പി.പി. നമ്പ്യാർ. തെറ്റുകളിൽ നിന്ന് പഠങ്ങൾ ഉൾക്കൊണ്ട് നീങ്ങുന്ന വരുടെ വളർച്ചയ്ക്ക് ഐ.എസ്.ആർ.ഒ. നൽകുന്ന പിന്തുണ ഉന്നതവും മാതൃകാപരമായ സംഘടനാ സംസ്കാരമാണെന്ന് സോമനാഥ് പറഞ്ഞു.

ഐഎസ്ആർഒയുടെ ചെയർമാനെന്ന നിലയിൽ, ബഹിരാകാശ മേഖലയിൽ കൂടുതൽ സ്വകാര്യ സംരംഭകരുടെ സഹകരണം സാധ്യമാക്കാൻ സാധിച്ചത് നേട്ടമാണ്.

കാലികമായ മാറ്റം ഉൾക്കൊള്ളേണ്ടതിന്റെയും, സഹകരണ ആവാസവ്യവസ്ഥ വളർത്തേണ്ടതിന്റെയും പ്രാധാന്യം അദ്ദേഹം എടുത്തുപറഞ്ഞു.ഐഎസ്ആർഒ സ്വകാര്യ കമ്പനികളുമായുള്ള പങ്കാളിത്തം വിജയകരമായി വളർത്തിയെടുത്തു. ഇന്ന് ബഹിരാകാശ മേഖലയിൽ 200ലധികം സ്റ്റാർട്ടപ്പുകളുണ്ട്, അദ്ദേഹം പറഞ്ഞു.

കെൽട്രോൺ, തിരുവനന്തപുരം, ടെക്നോപാർക്ക് എന്നിവയുടെ സ്ഥാപകൻ എന്ന നിലയിലും, സിഡാക്, ഇൻഡ്യൻ ടെലിഫോൺ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഐഐഐ ടിഎം കേരള, കോഴിക്കോട് ഐഐഎം എന്നിവയുടെ ചെയർമാൻ, ഇലക്ട്രോണിക്സ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പിന്റെ ആദ്യ ടെക്നോക്രാറ്റ് സെക്രട്ടറി എന്നീ നിലകളിലുള്ള തന്റെ സേവനങ്ങൾക്ക് പുറമെ കേരളത്തിന്റെ വിവിധ ജില്ലകളിൽ ഇലക്ട്രോണിക്സ് നിർമ്മാണ കമ്പനികൾ സൃഷ്ടിച്ച് കൺസ്യൂമർ ഇലക്ട്രോണിക്സ്, ടെലികോം, വൈദ്യുതി എന്നീ മേഖലകളിൽ സംസ്ഥാനത്തിന്റെ യശസ്സുയർത്തുകയും ചെയ്ത മഹത്വ്യക്തിത്വമാണ് കെ.പി.പി. നമ്പ്യാരെന്ന് അനുസ്മരണ പ്രഭാഷണത്തിൽ ഐ.ട്രിപ്പിൾ ഇ കേരള വിഭാഗം ചെയർമാൻ പ്രൊഫ. മുഹമ്മദ് കാസിം പറഞ്ഞു.

മനുഷ്യ നന്മയ്ക്കായുള്ള സാങ്കേതിക വിപ്ലവം, സാങ്കേതിക വിദ്യ ജനപ്രിയമാക്കുന്ന നടപടികൾ, സാങ്കേതിക വിദ്യ താഴേതട്ടിലേക്കെത്തിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി മികച്ച സംഭാവനകൾ നൽകുന്ന വ്യക്തികളും കൂട്ടായ്മകളുമാണ് കെ.പി.പി. നമ്പ്യാർ അവാർഡിനായി പരിഗണിക്കപ്പെടുന്നത്.

ഐഎസ്ആർഒ യുടെ അഭിമാന നേട്ടമായ ചന്ദ്രയാൻ3 ന്റെ നേതൃത്വം, പോളാർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ (പിഎസ്എൽവി) പ്രോജക്ട് മാനേജർ, ജിയോസിൻക്രണസ് സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ (ജിഎസ്എൽവി എംകെ കകക) പ്രോജക്ട് ഡയറക്ടർ എന്നിങ്ങനെ വിവിധ വി.എസ്.എസ്.സി, ഐ.എസ്.ആർ.ഒ ദൗത്യങ്ങൾ മുൻനിർത്തിയാണ് പരമോന്നത എഞ്ചിനീയറിങ്ങ് പുരസ്കാരം ശ്രീ. എസ്.സോമനാഥിന് സമ്മാനിക്കുന്നതെന്ന് പ്രൊഫ. മുഹമ്മദ് കാസിം പറഞ്ഞു.

അമർനാഥ് രാജ ഹ്യൂമാനിറ്റേറിയൻ ടെക്നോളജി അവാർഡ് കോതമംഗലം എം എ കോളേജിലെ ജവഹറ ഫാത്തിമയും ടീമും 'ലൈറ്റ് ഫോർ ലൈവ്സ്' എന്ന പ്രൊജക്ടിന് കരസ്ഥമാക്കി.

ഐ ട്രിപ്പിൾ ഇ കേരള ചാപ്റ്ററിന്റെ 2024ലെ മറ്റ് അവാർഡ് ജേതാക്കൾ: മികച്ച വുമൺ എഞ്ചിനീയർ അവാർഡ് അതുലാദേവി എസ്, ഡെപ്യൂട്ടി ഡയറക്ടർ, ഏവിയോണിക്സ്; വി എസ് എസ് സി; മികച്ച ഇൻഡസ്ട്രി കോൺട്രിബ്യൂഷൻ അവാർഡ് ഡോ.സുരേഷ് നായർ; മികച്ച അധ്യാപക അവാർഡ്: ഡോ.ബോസ് മാത്യു ജോസ്, പ്രിൻസിപ്പൽ, എംഎ കോളേജ്, കോതമംഗലം; ഫ്രണ്ട് ഓഫ് ഐ ട്രിപ്പിൾ ഇ അവാർഡ് ഡോ.പി.വി.ഉണ്ണികൃഷ്ണൻ, മെമ്പർ സെക്രട്ടറികെഡിസ്ക് ; മികച്ച സ്റ്റാർട്ടപ്പ് അവാർഡ് ഓപ്പൺ ഫിനാൻഷ്യൽ ; ഇൻഡസ്ട്രി അക്കാഡമി കൊളാബുറേഷൻ അവാർഡ് സിന്തൈറ്റ്; മികച്ച റിസർച്ചർ അവാർഡ് ജയപ്രകാശ് പി, പ്രിൻസിപ്പാൾ, ജിഇസി, കണ്ണൂർ, മികച്ച സ്റ്റുഡന്റ് വൊളന്റിയർ അവാർഡുകളും, പ്രഫഷണൽ അവാർഡുകളും വിതരണം ചെയ്തു.

ടെക്നോപാർക്ക് ഫൗണ്ടർ സിഇഒ ജി. വിജയരാഘവൻ, ഐ ട്രിപ്പിൾ ഇ കേരള വിഭാഗം ചെയർമാൻ പ്രൊഫ. മുഹമ്മദ് കാസിം,സെക്രട്ടറി ഡോ. ബിജു .കെ , വൈസ് ചെയർ ഡോ. ബിജിനകുഞ്ഞ്, നന്ദൻ എസ്, . ,ചെയർ അവാർഡ് കമ്മിറ്റി ആർ ശ്രീനിവാസൻ, മുൻ ചെയർ ഡോ. മിനി ഉളനാട്ട്, ഡോ. സുരേഷ് നായർ, ഡോ. സമീർ എസ്. എം എന്നിവർ അവാർഡ് ദാന ചടങ്ങിൽ സംസാരിച്ചു.

# ചെട്ടിക്കാട് കുഞ്ഞിത്തൈ പാലം യാഥാർത്ഥ്യമാകുന്നു

**പറവൂർ:** വടക്കേക്കരയിലെ ജനങ്ങളുടെ ദീർഘകാല ആവശ്യമായ ചെട്ടിക്കാട് കുഞ്ഞിത്തൈ പാലം യാഥാർത്ഥ്യമാകുന്നു. പറവൂരിൽ നടന്ന നവകേരള സദസ്സിൽ! ചെട്ടിക്കാട് കുഞ്ഞിത്തൈ പാലത്തിന്റെ നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് വടക്കേക്കര ഗ്രാമപഞ്ചായത്ത് നിവേദനം നൽകി. ഇതേ തുടർന്ന് 202425 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 4 കോടി രൂപ ചെട്ടിക്കാട്കുഞ്ഞിത്തൈ പാലത്തിന് അനുവദിച്ചു.

പാലത്തിന്റെ അപ്രോച്ച് റോഡിന് വേണ്ടി കണ്ടെത്തേണ്ട വസ്തുവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ഇതു പൂർത്തിയാക്കുന്നതോടെ പാലം നിർമാണത്തിനുള്ള എല്ലാ തടസങ്ങളും നീങ്ങും.

പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡിനു വേണ്ടി 24.36 സെന്റ് വസ്തു പൊന്നുംവില നടപടിയിലൂടെ 1,28,57,600 രൂപ പഞ്ചായത്ത് അടച്ച് പതിനെട്ടോളം വസ്തു ഉടമകൾക്ക് രൂപ കൈമാറിയതിലൂടെ ഈ വസ്തുക്കൾ പഞ്ചായത്ത് നേരത്തെ എറ്റെടുത്തു.

എന്നാൽ പാലത്തിന്റെ അപ്രോച്ച് റോഡിനു വേണ്ടി കണ്ടെത്തേണ്ട വസ്തുവിൽ 12.36 സെന്റ് സ്ഥലം ചെട്ടിക്കാട് കയർ സംഘത്തിന്റേതാണ്. വസ്തു വിട്ടുതരണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന കയർബോർഡ് ഡയറക്ടർക്ക് പഞ്ചായത്ത് കത്ത് നൽകുകയും വസ്തു വിട്ടുതരാൻ സന്നദ്ധത അറിയിച്ചു കൊണ്ട് മറുപടി ലഭിക്കുകയും ചെയ്തു.

ഇതു പ്രകാരം പറവൂർ തഹസിൽദാരോട് പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം വസ്തുവിന്റെ വാല്യുവേഷൻ എടുത്തു തരണമെന്ന് ആവശ്യപ്പെട്ടു. അതനുസരിച്ച് ഏറ്റെടുക്കേണ്ടതായ വസ്തുവിന്റെ മൂല്യം 12.5 ലക്ഷം രൂപയായി നിർണയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ല പ്ലാനിംങ്ങ് കമ്മിറ്റിക്ക് പ്രൊജക്ട് തയ്യാറാക്കി സമർപ്പിച്ച് അംഗീകാരം ലഭിച്ചു. ഇതേ തുടർന്ന് വസ്തു ഏറ്റെടുക്കുവാൻ തുക മാറ്റിവെച്ചിട്ടുണ്ട്.



ഒബിസിറ്റി സർജ്ജറി സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. പ്രവീൺ രാജ് വി.പി.എസ് ലേക്ഷോർ ആശുപത്രി ഡിപ്പാർട്ട്മെന്റ് ഓഫ് മിനിമലി ഇൻവേസീവ് സർജ്ജറി(എം.ഐ.എസ്) വിഭാഗത്തിന് മെറ്റബോളിക് ആൻഡ് ബാരിയാട്രിക് സർജ്ജറിയിലെ മികവിന്റെ കേന്ദ്രത്തിനുള്ള അംഗീകാരവും എം.ഐ.എസ് മേധാവി ഡോ. ആർ. പത്മകുമാറിന് ബാരിയാട്രിക് ആൻഡ് മെറ്റബോളിക് സർജ്ജറിയിൽ ഓണററി ഫെലോഷിപ്പും നൽകി ആദരിക്കുന്നു.

# അമിതവണ്ണ ശസ്ത്രക്രിയ പരിശീലനത്തിന് അമേരിക്കൻ സർജന്മാരുടെ സൊസൈറ്റിയുമായി ധാരണ

## ഒസികോൺ 2024ന് സമാപനം

**കൊച്ചി:** അമിതവണ്ണ ശസ്ത്രക്രിയ രംഗത്ത് പരിശീലനത്തിനും അറിവ് കൈമാറ്റത്തിനും ഒബിസിറ്റി സർജ്ജറി സൊസൈറ്റി ഓഫ് ഇന്ത്യയും (ഒസ്സി) അമേരിക്കൻ സൊസൈറ്റി ഫോർ മെറ്റബോളിക് ആൻഡ് ബാരിയാട്രിക് സർജറിയും(എ.എസ്.എം.ബി.എസ്) തമ്മിൽ ധാരണയായി. കഴിഞ്ഞ മൂന്ന് ദിവസങ്ങളായി കൊച്ചിയിൽ നടന്ന 21ാമത് ഒബിസിറ്റി സർജ്ജന്മാരുടെ ദേശീയ സമ്മേളനത്തിനിടെ ഒസ്സി പ്രസിഡന്റ് പ്രവീൺ രാജും എ.എസ്.എം.ബി.എസ് പ്രസിഡന്റ് ഡോ. മെറീന കുര്യനുമാണ് കരാർ ഒപ്പുവച്ചത്.

ഇന്ത്യയിലെ യുവമസർജ്ജന്മാർക്ക് പരിശീലനത്തിനായി അമേരിക്കയിൽ പോകാനും അമേരിക്കയിലെ സർജ്ജന്മാർക്ക് ഇവിടുത്തെ സാഹചര്യങ്ങൾ പഠിക്കാൻ ഇന്ത്യ സന്ദർശിക്കാനും ഈ കരാറിലൂടെ സാധിക്കുമെന്ന് ഒബിസിറ്റി സൊസൈറ്റി ഓഫ് ഇന്ത്യ അറിയിച്ചു.

രാജ്യത്തെയും വിദേശത്തെയും മുന്നൂറിലേറെ സർജ്ജന്മാർ പങ്കെടുത്ത ഓസികോൺ 2024 ശനിയാഴ്ച കൊച്ചി ലേ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ സമാപിച്ചു. സമാപന ദിവസം സർജ്ജന്മാരെ പരിശീലിപ്പിക്കാനായി 12 കേന്ദ്രങ്ങളിൽ നടന്ന ബാരിയാട്രിക് ശസ്ത്രക്രിയകൾ ലൈവായി പ്രദർശിപ്പിച്ചു. വി.പി.എസ് ലേക്ഷോർ ഉൾപ്പെടെ മെറ്റബോളിക് ആൻഡ് ബാരിയാട്രിക് സർജറിയിലെ മികവിന്റെ കേന്ദ്രങ്ങളായി ഒസ്സി അംഗീകരിച്ച ഇടങ്ങളിലാണ് ലൈവ് സർജ്ജറികൾ നടന്നത്.

വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് മിനിമലി ഇൻവേസീവ് സർജ്ജറിയെ(എം.ഐ.എസ്) സമ്മേളനത്തിൽ ഒസ്സി മെറ്റബോളിക് ആൻഡ് ബാരിയാട്രിക് സർജ്ജറിയിലെ മികവിന്റെ കേന്ദ്രമായി അംഗീകരിച്ചു. ഇതാദ്യമായാണ് കേരളത്തിൽ നിന്നുള്ള ഒരു സ്ഥാപനത്തിന് ഈ അംഗീകാരം ലഭിക്കുന്നത്. വകുപ്പ് മേധാവി ഡോ. ആർ. പത്മകുമാറിനെ ബാരിയാട്രിക് ആൻഡ് മെറ്റബോളിക് സർജ്ജറിയിൽ ഡോ. പത്മകുമാറിന് ഓണററി ഫെലോഷിപ്പ് നൽകി സമ്മേളനത്തിൽ ആദരിക്കുകയും ചെയ്തു.



# അന്താരാഷ്ട്ര നാടകോത്സവം ഇറ്റ്ഫോക് 2024 ന് തിരശീല ഉയർന്നു

**തൃശൂർ:** കേരളത്തിൽ നാടകങ്ങൾക്ക് സ്ഥിര വേദികൾ ഒരുക്കുമെന്ന് മന്ത്രി സജി ചെറിയാൻ. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ കേരള സംഗീത നാടക അക്കാദമി തൃശ്ശൂരിൽ സംഘടിപ്പിക്കുന്ന പതിനാലാമത് അന്താരാഷ്ട്ര നാടകോത്സവം ഇറ്റ്ഫോക് 2024 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സ്ഥിരം നാടകവേദികളിലൂടെ നാടക കലാകാരന്മാർക്ക് സ്ഥിരമായി നാടകാവതരണം നടത്തുന്നതിനും ആസ്വാദകർക്ക് ആസ്വദിക്കുന്നതിനുമുള്ള വേദിയായി മാറ്റുകയാണ് സർക്കാർ ലക്ഷ്യം. തോപ്പിൽ ഭാസിയുടെ പേരിൽ കായംകുളത്ത് നാടകത്തിനായി ഒരു സ്ഥിരം വേദിയുടെ നിർമ്മാണം ആരംഭിച്ചതായും മന്ത്രി അറിയിച്ചു. വരും വർഷത്തിൽ അന്താരാഷ്ട്ര ഫോക് ലോർ ഫെസ്റ്റ് നടത്തണമെന്നാണ് സർക്കാർ ആഗ്രഹം. ലോകത്തിന് മുന്നിലേക്ക് കേരളത്തിന്റെ കലാരൂപങ്ങളെ എത്തിച്ച് ലോകത്തെ ഒരുമപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

എത്ര പ്രയാസഘട്ടങ്ങളും സാമ്പത്തിക പ്രതിസന്ധികളും നേരിട്ടാലും കേരളത്തിൽ തുടങ്ങി വെച്ച നാടകോത്സവം മുടക്കില്ല എന്നതാണ് സർക്കാർ നിലപാടെന്ന് അദ്ദേഹം വ്യക്തമാക്കി. നാടകോത്സവത്തിന് പിന്നിൽ പ്രവർത്തിക്കുന്ന അണിയറ പ്രവർത്തകരെയും തൊഴിലാളികളെയും അഭിനന്ദിക്കുന്നതായും മന്ത്രി അറിയിച്ചു.

# മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രിയെ സന്ദർശിച്ചു

**കാക്കനാട്:** സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. സീറോമലബാർസഭയുടെ നേതൃത്വസ്ഥാനം ഏറ്റെടുത്തതിനുശേഷം ആദ്യമായി ന്യൂഡൽഹിയിൽ എത്തിയ അവസരത്തിലാണ് മേജർ ആർച്ചുബിഷപ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. മേജർ ആർച്ചുബിഷപായി സ്ഥാനമേറ്റ അവസരത്തിൽ ആശംസകളറിയിച്ചുകൊണ്ടു പ്രധാനമന്ത്രി അയച്ച കത്തിനു അദ്ദേഹം പ്രധാനമന്ത്രിയോടു നന്ദിപറഞ്ഞു. സീറോമലബാർസഭയുടെ നേതൃത്വസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽനു പ്രധാനമന്ത്രി എല്ലാവിധ ആശംസകളും നേരുകയും സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു. തികച്ചും ഔപചാരികമായ കൂടിക്കാഴ്ചയിൽ ഭാരതത്തിലെ ക്രൈസ്തവരുടെ പൊതുവായ സാഹചര്യം പ്രതിപാദന വിഷയമായി. ഫരീദാബാദ് രൂപതാധ്യക്ഷൻ ആർച്ചുബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങരയും മേജർ ആർച്ചുബിഷപ്പിനോടൊപ്പം ഉണ്ടായിരുന്നു. കേന്ദ്രസഹമന്ത്രിമാരായ രാജീവ് ചന്ദ്രശേഖറും വി. മുരളീധരനും കൂടിക്കാഴ്ചയിൽ സന്നിഹിതരായിരുന്നു.



സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ

